(ഡി) എങ്കിൽ നടപടികൾ ഏതു ഘട്ടംവരെയായി എന്നും എന്നത്തേക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സ്ഥലം അക്വയർ ചെയ്യുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കാൻ നടപടികൾ നടന്നുവരുന്നു.

(ഡി) സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായാൽ ഉടൻതന്നെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

168 (1712) ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ ഡിവിഷനിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതി

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിലുള്ള ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, തെങ്ങണം, കുറിച്ചി സെക്ഷനുകളിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിനുവേണ്ടി എത്ര പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ മെറ്റീരിയൽസ് ബന്ധപ്പെട്ട സെക്ഷനുകളിൽ നൽകിയിട്ടുണ്ടോ;

(സി) ഈ പദ്ധതികൾ നടപ്പിലാക്കുവാൻ പി.ആന്റ്. ടി. ഡിപ്പാർട്ടുമെന്റിന്റെ അനുവാദം ആവശ്യമാണോ;

(ഡി) എങ്കിൽ അനുവാദം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) ഈ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ എന്നത്തേയ്ക്ക് നിർമ്മാണം പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

ചങ്ങനാശ്ശേരി	-	6 എണ്ണം.
തൃക്കൊടിത്താനം	-	1 എണ്ണം.
തെങ്ങണം	-	5 എണ്ണം
കുറിച്ചി	-	12 എണ്ണം
ആകെ	-	24 എണ്ണം

(ബി) വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിലാണ് ചെയ്തുവരുന്നത്. മുൻഗണനാടിസ്ഥാനത്തിൽ ഓരോ ജോലിയും തീർക്കുന്നതിനുള്ള സാധനസാമഗ്രികൾ നൽകി വരുന്നുണ്ട്.

(സി) ആവശ്യമാണ്.

(ഡി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മുൻഗണനാക്രമത്തിനും സാധനസാമഗ്രികളുടെ ലഭ്യതയ്ക്കും വിധേയമായി എല്ലാ ജോലികളും കഴിവതുംവേഗം പൂർത്തിയാക്കുന്നതാണ്.

169 (1713) പനത്തടി പഞ്ചായത്തിൽ 110 കെ.വി. സബ്സ്റ്റേഷൻ

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ് നിയോജകമണ്ഡലത്തിലെ പനത്തടി പഞ്ചായത്തിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) 1999-2000 സാമ്പത്തിക വർഷത്തിൽ പുതിയ 110 കെ.വി. സബ്സ്റ്റേഷനുകൾ സംസ്ഥാനത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം ജില്ലയിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹോസ്ദുർഗ് നിയോജകമണ്ഡലത്തിലെ പനത്തടി വില്ലേജിൽ രാജപുരത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച സാങ്കേതിക പഠനം നടന്നുവരുന്നു. പഠന റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) 1. കാസർഗോഡ്
2. കണ്ണൂർ
3. മലപ്പുറം
4. കോഴിക്കോട്
5. പാലക്കാട്
6. തൃശ്ശൂർ
7. എറണാകുളം
8. ആലപ്പുഴ
9. കോട്ടയം
10. തിരുവനന്തപുരം.

170 (1714) കുറ്റ്യാട്ടൂരിലെ സബ്സ്റ്റേഷൻ

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly